ട്രാൻസ്പോർട്ട്
കമ്മീഷണറേറ്റ്
തിരുവനന്തപുരം

"[illegible]"

നമ്പർ.ബി.1/ഇ-31118/2017/റ്റി.സി

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി,2.06.2017.

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

സർ,

വിഷയം :- **മോട്ടോർ വാഹന വകുപ്പ്**— നികുതി ഒടുക്കാതെ റോഡു റോളറുകൾ സർവ്വീസ് നടത്തുന്നുവെന്ന പരാതി - നിർദ്ദേശങ്ങൾ - നൽകുന്നത്.

സൂചന :- 1 15.05.2017 തീയതിയായി ഈ ഓഫീസിൽ ലഭിച്ച പരാതി.
2 പി.56/റ്റി.സി./2017/മിനി(ഗതാഗതം)നമ്പരിലുള്ള സർക്കാർ കത്ത്.
3 ഈ ഓഫീസിലെ 4.5.2017-)0 തീയതിയിലെ സി.1/306/2017/റ്റി.സി. നമ്പർ കത്ത്.

സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിയ്ക്കുന്നു. സൂചന ഒന്ന് പ്രകാരം, സംസ്ഥാനത്ത് നികുതി അടയ്ക്കാതെ നിരവധി റോഡ് റോളറുകൾ ഉപയോഗിയ്ക്കുന്നുണ്ടെന്ന പരാതി ലഭിച്ചിട്ടുണ്ട്. നിർമ്മാണ ആവശ്യങ്ങൾക്കായി ഉപയോഗിയ്ക്കുന്ന ഇത്തരം വാഹനങ്ങൾ മോട്ടോർ വാഹന നിയമ പ്രകാരം, രജിസ്ട്രേഷൻ, വാഹന നികുതി, പെർമിറ്റ് എന്നിവ ഉണ്ടായിരിയ്ക്കേണ്ട വാഹനങ്ങളാകയാൽ മേൽ ആവശ്യങ്ങൾക്കുപയോഗിയ്ക്കുന്ന എല്ലാ വാഹനങ്ങളും 2017 മേയ് 31-)0 തീയതിയ്ക്കകം രജിസ്റ്റർ ചെയ്യേണ്ടതും നികുതി, ആവശ്യമെങ്കിൽ പെർമിറ്റ്, സർട്ടിഫിക്കറ്റ് ഓഫ് ഫിറ്റ്നസ് എന്നിവ കരസ്ഥമാക്കേണ്ടതാണ് എന്ന് സൂചന (3) പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ആയതിനാൽ, ഇത്തരത്തിൽ ഉപയോഗിയ്ക്കുന്ന വാഹനങ്ങൾ കണ്ടെത്തി തുടർ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് സമയ ബന്ധിതമായിത്തന്നെ ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
(ഒപ്പ്)
സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)
ട്രാൻസ്പോർട്ട് കമ്മീഷണർക്കുവേണ്ടി

റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, ഇടുക്കി.

താങ്കളുടെ ജില്ലയിൽ നികുതി അടയ്ക്കാതെ റോഡ് റോളറുകൾ വ്യാപകമായി ഉപയോഗിയ്ക്കുന്നുണ്ടെന്ന പരാതി ലഭിച്ചിട്ടുണ്ട്. ആയതിനാൽ, ഇത്തരം വാഹനങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിച്ച് ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

അംഗീകാരത്തോടെ,

5/6/2017

സീനിയർ സൂപ്രണ്ട്.

ജെ.എസ്.

നമ്പർ. സി1/308/2017/റ്റിസി

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
ഒന്നാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി, 04.05.2017

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്,

1. ചീഫ് എഞ്ചിനീയർ
പി.ഡബ്ല്യു ഡി റോഡ് & ബ്രിഡ്ജ്
പബ്ലിക് ഓഫീസ്
മ്യൂസിയം. പി.ഒ, തിരുവനന്തപുരം.

2. ചീഫ് എഞ്ചിനീയർ
എൽ.എസ്.ജി.ഡി, എഞ്ചിനീയറിംഗ് വിഭാഗം
പബ്ലിക് ഓഫീസ് ബിൽഡിംഗ്
തിരുവനന്തപുരം - 33

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — റോഡു നിർമ്മാണത്തിനുപയോഗിക്കുന്ന വാഹനങ്ങളുടെ രജിസ്ട്രേഷൻ - സംബന്ധിച്ച്

സൂചന :-

റോഡ് നിർമ്മാണത്തിനായി ഉപയോഗിക്കുന്ന പല വാഹനങ്ങളും മോട്ടോർ വാഹന നിയമങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്യുകയോ നിയമാനുസൃതമായ ടാക്സ്, പെർമിറ്റ്, ഫിറ്റ്നസ് എന്നിവ കരസ്ഥമാക്കാത്ത വാഹനങ്ങളാണ് എന്ന് ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു.

ഒരു സാമൂഹിക ദൌത്യത്തിൽ ഏർപ്പെട്ടിരിക്കുന്ന ഇത്തരം വാഹനങ്ങളെ വകുപ്പ് പലപ്പോഴും പരിശോധനയുടെ പരിധിയിൽ നിന്നും ഒഴിവാക്കിയിരുന്നു. എന്നാൽ ആയത് ഗുരുതരമായ നിയമലംഘനമായതിനാൽ ഇത്തരം വാഹനങ്ങൾ ആവശ്യമായ രജിസ്ട്രേഷൻ ടാക്സ്, പെർമിറ്റ് എന്നിവ 31.05.2017 —നു മുൻപ് കരസ്ഥമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അതിനുശേഷം

നിയമാനുസൃതമായ രേഖകൾ കൈവശമില്ലാത്ത ഇത്തരം വാഹനങ്ങൾക്കെതിരെ മോട്ടോർ വാഹന നിയമപ്രകാരം നടപടികൾ സ്വീകരിക്കാൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൻ മേൽ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന വാഹനങ്ങൾ നിയമാനുസൃത വാഹനങ്ങളായിരിക്കണമെന്ന നിർദ്ദേശം താങ്കളുടെ വകുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്കു നൽകണമെന്ന് താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

ട്രാൻസ്പോർട്ട് കമ്മിഷണർക്ക് വേണ്ടി